(സി & ഡി) ശ്രീമതി അംബികാദേവി തുടർച്ചയായി ഹാജരാക്കുന്ന മെഡിക്കൽ റീഇംപേഴ്സ്മെന്റ് ബില്ലുകളെ സംബന്ധിച്ച് പരാതിയുയർന്ന സാഹചര്യത്തിൽ നിജസ്ഥിതി കണ്ടെത്തുന്നതിനായി വിജിലൻസ് അന്വേഷണം നടത്തുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## മലപ്പുറം ചേങ്ങോട്ടൂർ കോട്ടപ്പുറത്ത് വീട്ടിൽ പി. കുഞ്ഞിരാമൻ നായരുടെ പെൻഷനും ആനുകൂല്യങ്ങളും

62 [1422] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ചേങ്ങോട്ടൂർ കോട്ടപ്പുറത്ത് വീട്ടിൽ പി. കുഞ്ഞിരാമൻ നായർ എന്ന റിട്ടയേർഡ് അധ്യാപകന് മുൻകാല പ്രാബല്യത്തോടെ പെൻഷനും മറ്റു ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിൽ ഇപ്പോൾ എന്തു തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) കുഞ്ഞിരാമൻ നായർക്ക് മുഴുവൻ സർവ്വീസ് കാലഘട്ടത്തിനും പെൻഷനും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) കുഞ്ഞിരാമൻ നായരുടെ പ്രായാധിക്യവും അവശതകളും കണക്കിലെടുത്ത് ഇക്കാര്യത്തിൽ അടിയന്തിര തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത വിഷയം ഇപ്പോൾ ധനവകുപ്പിന്റെ പരിഗണനയിലാണ്.

(സി) 3-6-1974-ന് സർവ്വീസിൽ നിന്നും രാജിവെച്ച ശ്രീ. കുഞ്ഞിരാമൻ നായർക്ക് സർക്കാർ ഉദാരനയം സ്വീകരിച്ച് 20-6-2000 മുതൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. മുൻകാല പ്രാബല്യത്തോടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാമോ എന്ന വിഷയം ധനവകുപ്പ് പരിശോധിച്ചു വരികയാണ്.

(ഡി) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly